**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 37** **08-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ ആധുനികീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയുടെ ആധുനികീകരണത്തിനും സാങ്കേതികവിദ്യാധിഷ്ഠിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സഹകരണ മേഖലയു ആധുനീകരണത്തിനും സാങ്കേതിക വിദ്യാധിഷ്ഠിത ഇടപാടുക പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.<br><br>1.സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സഹകരണമേഖലയിലേക്ക് കൂടുതൽ ജനങ്ങ പ്രത്യേകിച്ച് യുവാക്ക ആകർഷിക്കുന്നതിനുമായി ഏകീകൃത സോഫ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടിക സ്വീകരിച്ചുവരുന്നു. പദ്ധ നടപ്പിലാക്കുന്നതിനായി RFP തയ്യാറാക്കുകയു അതിന്റെ അടിസ്ഥാനത്തിൽ ഓപ്പ ടെൻഡർ നടപടികളിലൂടെ TCS നെ സോഫ് വെയർ വികസിപ്പിക്കുന്നതിനുള്ള ഏജൻസിയായി തെരെഞ്ഞെടുത്തിട്ടുണ്ട് TCS മായി കരാറിൽ ഏർപ്പെടുന്ന തീയതി മുതൽ 1 മാസം കൊണ്ട് പദ്ധ പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.<br><br>2. കേരളത്തിലെ 13 ജില്ല സഹകരണബാങ്കുകളേയും കേരളാ സംസ്ഥാ സഹകരണ ബാങ്കിനേയും സംയോജിപ്പി 29.11.2019 ൽ കേരള ബാ രൂപീകരിച്ചതിനെ തുടർന്ന് 202 ഡിസംബറോട്ടു കൂടി ഡാറ്റാ മൈഗ്രേഷ പൂർത്തിയായി ഏകീകൃത കോർ ബാങ്കിം സംവിധാനം കേരളാ ബാങ്കി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുകയും പ്രവർത്തനം ആരംഭിക്കുകയു ചെയ്തിട്ടുണ്ട്. മൊബൈൽ ആപ്ലിക്കേഷൻ മുഖേ അക്കൗണ്ട് ഓപ്പണിംഗ്, ലോണുകൾക്കുള്ള അപേക്ഷ സമർപ്പിക്കൽ, ഇൻകം ടാക്സിനായുള്ള ഫോമുകൾ സമർപ്പിക്കൽ തുടങ്ങിയ സർവീസുകൾ ഇടപാടുകാർക്ക് ലഭ്യമാകു മേൽ സേവനങ്ങൾ കൂടാതെ eKY( മുഖേനയുള്ള അക്കൗണ്ട് ഓപ്പണിംഗ്, ആധാ അടിസ്ഥാനപ്പെടുത്തിയുള്ള പേയ്മെ സർവീസുകളുടെയും ടെസ്റ്റിംഗ് നടപടിക പൂർത്തീകരിച്ചിട്ടുണ്ട്. ഈ സംവിധാനങ്ങ ബ്രാഞ്ചുകളിലും മൈക്രോ എടിഎമ്മുകളിലു വ്യാപകമായി ഉപയോഗിക്കാനാകും.<br><br>3. കൃഷിയെ പ്രോത്സാഹിക്കുന്നതിനു അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം സമാഹരണം, സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 2022 23 സാമ്പത്തികവർഷം മുതൽ സഹകരണ മേഖലയിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് ‘സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ്സ് ഇ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ). 2024 25 സാമ്പത്തിക വർഷം ടി പദ്ധതിക്കായ ആകെ 3000.00 ലക്ഷം രൂ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 21 സഹകരണ സംഘങ്ങൾക്കായി ആകെ 1079.13 ലക്ഷ രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി കേരള ബാങ്കിന്റെ പ്രവർത്തനം നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. ജില്ലാ സഹകരണ ബാങ്കുകളേയും കേരളാ സംസ്ഥാന സഹകരണ ബാങ്കിനേയും സംയോജിപ്പിച്ച് 29.11.2019 ൽ കേരള ബാങ്ക് രൂപീകരിച്ചതിനെ തുടർന്ന് 2022 ഡിസംബറോടുകൂടി ഡാറ്റാ മൈഗ്രേഷൻ പൂർത്തിയായി ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം കേരളാ ബാങ്കിൽ നടപ്പിലാക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇതേ തുടർന്ന് 2023 മെയ് മാസത്തിൽ പൂർണ്ണതോതിൽ ഡിജിറ്റൽ ബാങ്കിംഗ് സർവ്വീസ് ആരംഭിച്ചു. വ്യക്തിഗത ഇടപാടുകാർക്കായി KB Prime എന്ന പേരിലും, സംഘങ്ങൾക്കും |

സ്ഥാപനങ്ങൾക്കുമായി KB Prime Plus എന്ന പേരിലും മൊബൈൽ ബാങ്കിങ്ങ് അപ്ലിക്കേഷനുകൾ പ്രവർത്തനക്ഷമ മാക്കിയിട്ടുണ്ട്. 2,25,769 വ്യക്തിഗത ഇടപാട്ടുകാരും, പ്രാഥമിക സംഘങ്ങളും സ്ഥാപനങ്ങളുമായി 4043 ഇടപാട്ടുകാരും ഇതിനോടകം ബാങ്കിന്റെ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് വരുന്നു. 30-09-2024 വരെ 5750 കോടിയിലധികം രൂപയുടെ 14 ലക്ഷത്തോളം ഇടപാട്ടുകൾ മൊബൈൽ ആപ്ലിക്കേഷൻ വഴി നടത്തിയിട്ടുണ്ട്. നിലവിൽ ദിനംപ്രതി 22 കോടി രൂപയുടെ ശരാശരി ഇടപാട്ടുകൾ ഈ ആപ്ലിക്കേഷനുകൾ വഴി നടത്തുന്നുണ്ട്. ഇടപാട്ടുകാർക്ക് BBPS (Bharath Bill Payment System) സംവിധാനത്തിലൂടെ ബില്ലുകൾ അടക്കുന്നതിനുള്ള സംവിധാനവും മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബാങ്കിംഗ് ആപ്ലിക്കേഷന്റെ പരിഷ്കരിച്ച പതിപ്പ് ഉടൻ പ്രവർത്തനക്ഷമമാകുന്നതാണ്. ഇതോടെ മൊബൈൽ ആപ്ലിക്കേഷൻ മുഖേന അക്കൗണ്ട് ഓപ്പണിംഗ്, ലോണുകൾക്കുള്ള അപേക്ഷ സമർപ്പിക്കൽ, ഇൻകം ടാക്സിനായുള്ള ഫോമുകൾ സമർപ്പിക്കൽ തുടങ്ങിയ സർവീസുകൾ ഇടപാട്ടുകാർക്ക് ലഭ്യമാകും. മേൽ സേവനങ്ങൾ കൂടാതെ eKYC മുഖേനയുള്ള അക്കൗണ്ട് ഓപ്പണിംഗ്, ആധാർ അടിസ്ഥാനപ്പെടുത്തിയുള്ള പേയ്മെന്റ് സർവീസുകളുടെയും ടെസ്റ്റിംഗ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ സംവിധാനങ്ങൾ ബ്രാഞ്ചുകളിലും മൈക്രോ എടിഎമ്മുകളിലും വ്യാപകമായി ഉപയോഗിക്കാനാകും.

ബാങ്കിന്റെ ഐ.ടി. പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ്, Data Center, Disaster Recovery, NDR, Head Office, RO, CPC, Branches എന്നിവയെ കണക്ട് ചെയ്യുന്ന ഏറ്റവും പുതിയ Dual Network സംവിധാനം നടപ്പിലാക്കുന്ന പ്രവർത്തികൾ പുരോഗമിക്കുന്നു. ഇതിനോടൊപ്പം തന്നെ ബ്രാഞ്ച്, ഹെഡ് ഓഫീസ്, റീജിയണൽ ഓഫീസുകൾ, സിപിസികൾ എന്നിവയിലെ ലോക്കൽ നെറ്റ് വർക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികളും നടന്നുവരുന്നു.

ബാങ്കിന്റെ പ്രവർത്തനത്തിന് ആവശ്യമായ Loan Origination, Audit and Inspection Module, e-office, UPI & Merchant Acquisition, Payment Gateway, NPA Management Solution, Data Enrichment എന്നിവ നടപ്പിലാക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | PM KISAN, ACH (Automated Clearing House), MMS (Mandate Management System) എന്നിവ വിജയകരമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>ബാങ്കിന് നിലവിലുള്ള 300 ATM-കൾ ഉൾപ്പെടെ മാറ്റി സ്ഥാപിക്കുന്നതി നവശ്യമായ 450 ATM - കൾ 50 ക്യാഷ് റീസൈക്ലിംഗ് മെഷീനുകൾ എന്നിവ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. |
| (സി) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (സി) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരി ക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, സഹകരണമേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി RFP തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഓപ്പൺ ടെൻഡർ നടപടികളിലൂടെ TCS നെ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനുള്ള ഏജൻസിയായി തെരെഞ്ഞെടുത്തിട്ടുണ്ട്.<br><br>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും, കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS-കൾക്ക് ലഭ്യമാകുന്ന രീതിയിലുള്ള ഏകീകൃത സോഫ്റ്റ് വെയറാണ് സഹകരണ വകുപ്പ് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |
| (ഡി) | സഹകരണ സർവീസ് പരീക്ഷകൾ ഓൺലൈൻ സംവിധാനത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ഫലപ്രദവുമാക്കുന്നതിന്റെ ഭാഗമായി സഹകരണ പരീക്ഷ ബോർഡ് മുഖേന നടത്തുന്ന പരീക്ഷകൾ ഓൺലൈൻ സംവിധാനത്തിൽ നടത്തുന്നുണ്ട്. സഹകരണ സ്ഥാപനങ്ങളിലെ സെക്രട്ടറി, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, സിസ്റ്റം സൂപ്പർവൈസർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലേക്കുള്ള നിയമനങ്ങൾ സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് ഓൺലൈൻ വഴി നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ്- പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്നതിനായി Tata Consultancy Services(TCS) സമർപ്പിച്ച ഫിനാൻഷ്യൽ ബിഡ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.201/2024/Co-Op തീയതി,തിരുവനന്തപുരം, 24-04-2024

---

പരാമർശം:-

1. സ.ഉ(സാധാ) നം.579/2020/സഹ തീയതി 06.11.2020
2. സ.ഉ (സാധാ) നം.531/2023/സഹ തീയതി 11.09.2023
3. സ.ഉ (സാധാ) നം 2/2024/സഹ തീയതി 02.01.2024
4. സഹകരണ സംഘം രജിസ്ട്രാറുടെ 26.01.2024 -ലെ RCS/4554/2018/IT(4) Part I നമ്പർ കത്ത്

**ഉത്തരവ്**

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ പദ്ധതി നടപ്പാക്കുന്നതിനായി പരാമർശം(1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം സ്വന്തം സോഫ്റ്റ് വെയറുമായി മുന്നോട്ട് പോകുന്നതാണ് ഉചിതമെന്ന് കണ്ടെത്തുകയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി ശുപാർശ ചെയ്തതിന്റെയടിസ്ഥാനത്തിൽ Request for Proposal (RFP) തയ്യാറാക്കി, ഒരു പുതിയ സൊല്യൂഷൻ പ്രൊവൈഡറെ തിരഞ്ഞെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാൻ സഹകരണ രജിസ്ട്രാറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. RFPയുടെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ ആരംഭിച്ചു, എന്നാൽ ആദ്യ ടെണ്ടറിൽ ആരും ടെണ്ടർ സമർപ്പിക്കാത്തതിനാൽ വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ Pre-qualification വ്യവസ്ഥകളിൽ മാറ്റവരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ടെണ്ടറുകൾ Evaluate ചെയ്തതിൽ നിന്നും Tata Consultancy Services മാത്രമേ യോഗ്യത നേടിയിട്ടുള്ളൂ എന്നു കണ്ടെത്തിയിരുന്നു.

2) തുടർന്ന് പ്രസ്തുത പദ്ധതിക്കായി ഒറ്റ ടെണ്ടർ (single tender) സ്വീകരിക്കുന്നതിനും പ്രൈസ് ബിഡ് (Price Bid) അന്തിമമാക്കുന്നതിനുമുള്ള നടപടികൾ കൈകൊള്ളുന്നതിനും സഹകരണ സംഘം

രജിസ്ട്രാർക്ക് അനുമതി നൽകി പരാമർശം(2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ ടെക്നിക്കൽ ബിഡിൽ എല്ലാ യോഗ്യതകളും ഉണ്ടെന്ന് കണ്ടെത്തിയ Tata Consultancy Services നെ മാത്രം ഉൾ പ്പെടുത്തി ( Single Tender) ടെണ്ടർ നടപടികൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും കേന്ദ്രധനകാര്യമന്ത്രാലയം 29/10/2021-ൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ "Price are reasonable in comparison to market value" എന്ന വ്യവസ്ഥ പാലിച്ച് ടെണ്ടർ സ്വീകരിക്കുന്നതിന് (Price Bid ) നും സഹകരണ സംഘം രജിസ്ട്രാർക്ക് അനുമതി നൽകിയിരുന്നു. തുടർന്ന് ഇക്കാര്യത്തിനായി പരാമർശം(3) പ്രകാരം രൂപീകരിച്ച ഫിനാൻസ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്മിറ്റി 17/01/2024 ന് ചേർന്ന് Tata Consultancy Services കമ്പനി നൽകിയ 206,43,73,164/-
കോടി രൂപ ബിഡ് തുക അംഗീകരിച്ച് പരാമർശം(4) പ്രകാരം സർക്കാരിന്റെ അനുമതിക്ക് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ പദ്ധതി നടപ്പാക്കുന്നതിന് താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഫിനാൻസ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുകയെന്ന ലക്ഷ്യത്തിനായി തയ്യാറാക്കിയ RFP പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി TCS സമർപ്പിച്ചിട്ടുള്ള 206,43,73,164/- രൂപ ( ഇരുന്നൂറ്റി ആറ് കോടി നാല്പത്തിമൂന്ന് ലക്ഷത്തി എഴുപത്തിമൂവായിരത്തി നൂറ്റി അറുപത്തിനാല് രൂപ) യുടെ ടെണ്ടറിന് ( Price Bid) അനുമതി നല്കുന്നു.
2. പദ്ധതിയുടെ Price Bid ൽ *Tata Consultancy Services(TCS)* quote ചെയ്തിരിക്കുന്ന അടങ്കൽ തുകയായ **206,43,73,164/-** കോടി രൂപയിൽ **718739243.472/-** കോടി രൂപ Monthly usage Fee for SaaS Implementation and Service for 4415 Branches ആണ് . പ്രസ്തുത തുക പദ്ധതിയുടെ ഉപഭോക്താക്കളായ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

പകർപ്പ്:-
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്

സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്

സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്